ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 20.07.2025**

## പ്രധാന വാർത്തകൾ

**TIME : 07.25 AM**

1. **പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് നാളെ തുടക്കമാകും; കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം ഇന്ന് ന്യൂഡൽഹിയിൽ.**
   **The monsoon session of Parliament will begin tomorrow; the all-party meeting called by the central government will be held in New Delhi today.**

2. **പരമാധികാര രാഷ്ട്രമായ ഇന്ത്യയുടെ സ്വന്തം വിഷയങ്ങളിൽ തീരുമാനമെടുക്കുന്നത് രാജ്യത്തിന്റെ നേതൃത്വമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.**
   **As a sovereign nation, India's country's leadership takes decision on its own issues says Vice President Jagdeep Dhankhar.**

3. **കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**
   **IMD predicts that heavy rains will continue in southern states including Kerala; Fishermen are advised to not to venture along Kerala-Karnataka-Lakshadweep coasts.**

4. **യുക്രെൻ നഗരങ്ങളിൽ റഷ്യ ആക്രമണം ശക്തമാക്കിയ സാഹചര്യത്തിൽ, സമാധാന ചർച്ചയ്ക്ക് നിർദ്ദേശം മുന്നോട്ടുവച്ച് യുക്രെൻ പ്രസിഡന്റ്.**
   **In the wake of Russia's intensified attack on Ukrainian cities, the President of Ukraine proposes peace talks.**

5. **66-ാമത് ഇന്റർനാഷണൽ മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ മൂന്ന് സ്വർണ്ണവും രണ്ട് വെള്ളിയും ഒരു വെങ്കലവും കരസ്ഥമാക്കി ഇന്ത്യ.**
   **India wins three gold, two silver and one bronze medals in the 66th International Mathematical Olympiad.**

**************************************************

**HEADLINE-1**

**PARLIAMENT SESSION-ALL PARTY MEET (INTRO)**

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് നാളെ തുടക്കമാകും. സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ യോഗത്തിൽ സർക്കാർ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടും. ഈ മാസം 21 മുതൽ ഓഗസ്റ്റ് 21 വരെ വർഷകാല സമ്മേളനം തുടരും. സമ്മേളനത്തിൽ ഇരുസഭകളുടെയും ആകെ 21 സിറ്റിങ്ങുകൾ ഉണ്ടാകും. പാർലമെന്റിൽ ഉന്നയിക്കേണ്ട

പ്രധാന വിഷയങ്ങൾ ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു മാധ്യമങ്ങളോട് പറഞ്ഞു. കൂടാതെ സുപ്രധാന നിയമനിർമ്മാണങ്ങൾ ചർച്ചയ്ക്കും പാസാക്കലിനും എടുക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ് വോയിസ്)**

*************************

**OPPOSITION MEETING**

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ ഉന്നയിക്കേണ്ട വിഷയങ്ങൾക്ക് അന്തിമരൂപം നൽകുന്നതിനായി പ്രതിപക്ഷപാർട്ടിയായ ഐ എൻ ഡി ഐ സഖ്യ നേതാക്കളുടെ യോഗം ഇന്നലെ വീഡിയോ കോൺഫറൻസിംഗ് വഴി നടന്നു. കോൺഗ്രസ്, ടിഎംസി, സമാജ്‌വാദി പാർട്ടി, ശിവസേന (യുബിടി), ഡിഎംകെ, സിപിഐ (എം), എൻസിപി-എസ്‌സിപി തുടങ്ങിയ പാർട്ടികൾ യോഗത്തിൽ പങ്കെടുത്തു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ലോക്‌സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, എസ്പി നേതാവ് രാംഗോപാൽ യാദവ്, ഡിഎംകെയുടെ തിരുച്ചി ശിവ എന്നിവർ യോഗത്തിൽ പങ്കെടുത്തു. പഹൽഗാം ഭീകരാക്രമണം, ഓപ്പറേഷൻ സിന്ദൂർ തുടങ്ങിയ വിഷയങ്ങൾ ഉന്നയിക്കാൻ പാർട്ടികൾക്കിടയിൽ

സമവായം ഉണ്ടാക്കിയതായി കോൺഗ്രസ് എംപി പ്രമോദ് തിവാരി മാധ്യമങ്ങളോട് പറഞ്ഞു.

*************************

## AAP - INDIA BLOC

ഐ എൻ ഡി ഐ സഖ്യത്തിൽ നിന്ന് ആം ആദ്മി പാർട്ടി ഔദ്യോഗികമായി പിന്മാറി. 2024 ലെ പൊതുതെരഞ്ഞെടുപ്പിനായി മാത്രമാണ് ഐഎൻഡിഐ സഖ്യം രൂപീകരിച്ചതെന്നും അതിനുശേഷം ഹരിയാന, ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പുകളിൽ എഎപി ഒറ്റയ്ക്കാണ് മത്സരിച്ചെന്നും മുതിർന്ന നേതാവ് സഞ്ജയ് സിംഗ് മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായി ഇന്നലെ നടന്ന ഐഎൻഡിഐ സഖ്യ യോഗത്തിൽ നിന്ന് ആം ആദ്മി പാർട്ടിയും വിട്ടുനിന്നു.

*************************

## PRESIDENTS REFERENCE

ബില്ലുകളിന്മേൽ നടപടി എടുക്കാൻ സമയപരിധി നിശ്ചയിച്ചുള്ള സുപ്രീം കോടതി വിധിയുമായി ബന്ധപ്പെട്ട് രാഷ്ട്രപതി ദ്ര�പദി മുർമു നൽകിയ റഫറൻസ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ബി ആർ ഗവായ് അടങ്ങിയ ഭരണഘടന ബെഞ്ച് ചൊവ്വാഴ്ച പരിഗണിക്കും. പതിനാല്

ചോദ്യങ്ങളിൽ വ്യക്തത ആരാഞ്ഞ് ഉള്ളതാണ് രാഷ്ട്രപതിയുടെ റെഫെറൻസ്. തമിഴ്നാട് ഗവർണറുമായി ബന്ധപ്പെട്ട കേസിൽ, രാഷ്ട്രപതി, ഗവർണർ തുടങ്ങിയവർക്ക് ബില്ലുകളിന്മേൽ നടപടി എടുക്കാൻ സമയപരിധി നിശ്ചയിച്ച് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിരുന്നു.

************************

**HEADLINE-2**

## VP-IDES (INTRO)

ഇന്ത്യയുടെ സ്വന്തം വിഷയങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നിർദ്ദേശിക്കാൻ ഭൂമിയിൽ ഒരു ശക്തിക്കും അധികാരമില്ലെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ഇന്ത്യൻ ഡിഫൻസ് എസ്റ്റേറ്റ്സ് സർവീസ് ഓഫീസർ ട്രെയിനികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പരമാധികാര രാഷ്ട്രമായ ഇന്ത്യയിൽ എല്ലാ തീരുമാനങ്ങളും എടുക്കുന്നത് അതിന്റെ നേതൃത്വമാണെന്നും ശ്രീ ധൻഖർ പറഞ്ഞു. ജനസംഖ്യയുടെ 65 ശതമാനവും 35 വയസ്സിന് താഴെയുള്ളവരായതിനാൽ രാജ്യത്തിന്റെ ജനസംഖ്യാപരമായ നേട്ടം ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്നതാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

**(ഹോൾഡ് വോയിസ്)**

************************

## PM - DRUG FREE INDIA

ലഹരിമുക്ത ഇന്ത്യയിലേക്കുള്ള സുപ്രധാന ചുവടുവയ്പാണ് യുവ ആത്മീയ ഉച്ചകോടി എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കേന്ദ്രമന്ത്രി മനസുഖ് മാണ്ഡവ്യയുടെ സമൂഹമാധ്യമക്കുറിപ്പിനു മറുപടിയായി യുവ ആത്മീയ ഉച്ചകോടിയുമായി ബന്ധപ്പെട്ട ലേഖനം പങ്കുവച്ചാണ് അദ്ദേഹം ഇക്കാര്യം അഭിപ്രായപ്പെട്ടത്. മൈ ഭാരത് സംരംഭം സംഘടിപ്പിക്കുന്ന 'യുവ ആത്മീയ ഉച്ചകോടി, ഇന്നലെ കാശിയിൽ ആരംഭിച്ചു. വികസിത ഭാരതത്തിനായി ലഹരിമുക്ത യുവത്വം എന്നതാണ് രണ്ടു ദിവസത്തെ ഉച്ചകോടിയുടെ പ്രമേയം.

************************

## PIYUSH GOYAL-CYBER SECURITY

ദേശീയ സുരക്ഷയ്ക്ക് മാത്രമല്ല, ഇന്ത്യയിലെ യുവാക്കൾക്ക് തൊഴിലവസരങ്ങളിലേക്കും നൂതനാശയത്തിലേക്കുമുള്ള പാത കൂടിയാണ് സൈബർ സുരക്ഷയെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. മുംബൈയിലെ കാണ്ടിവാലിയിൽ നൂതന സൈബർ സ്കിൽ സെന്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിലെ നൈപുണ്യ വിടവ്

നികത്താനും വൈദഗ്ധ്യമുള്ള മനുഷ്യശക്തിയുടെ ആഗോള കേന്ദ്രമായി മാറുക എന്ന ഇന്ത്യയുടെ ലക്ഷ്യത്തെ പിന്തുണയ്ക്കാനും ഈ സംരംഭം സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

************************

**HEADLINE-3**

**WEATHER - KERALA**

കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒമ്പത് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മലയോര മേഖലയിലേക്കുള്ള രാത്രി സഞ്ചാരം പൂർണമായി ഒഴിവാക്കണമെന്നും, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകി.

************************

**HEADLINE-3a**

**HIGH TIDE - ALERT**

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മോശം

കാലാവസ്ഥ കണക്കിലെടുത്ത് കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 22 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

************************

HEADLINE-3b

**IMD WEATHER**

കേരളത്തിനു പുറമെ കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ അടുത്ത 6 ദിവസങ്ങളിൽ കനത്തതോ അതിശക്തമായതോ ആയ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒഡിഷ, ഛത്തീസ്ഗഢ്, പശ്ചിമ ബംഗാൾ, അസം, ത്രിപുര, അരുണാചൽ പ്രദേശ്, സിക്കിം എന്നിവിടങ്ങളിൽ അടുത്ത 3 ദിവസങ്ങളിൽ കനത്ത മഴ പെയ്യുമെന്ന് ഐ എം ഡി അറിയിച്ചു. ജമ്മു കശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിലും കൊങ്കൺ, ഗോവ, മധ്യ മഹാരാഷ്ട്ര എന്നിവിടങ്ങളിലും മഴ തുടരും.

************************

**PM- JUDGES**

വൻ മഹോത്സവ് ആഘോഷങ്ങളിൽ ജഡ്ജിമാരുടെ ആവേശകരമായ പങ്കാളിത്തത്തെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ□ രന്മാരെ പരിസ്ഥിതിസംരക്ഷണ

ഉത്തരവാദിത്തത്തിലേക്ക് പ്രചോദിപ്പിക്കുന്നതിൽ അവരുടെ പങ്ക് അദ്ദേഹം എടുത്തുകാണിച്ചു. ഏക് പെഡ് മാ കേ നാം സംരംഭത്തിന് ജഡ്ജിമാരുടെ പങ്കാളിത്തം കരുത്തു പകരുമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

************************

**HEADLINE-5**

**INDIA-IMO GOLD**

ഓസ്ട്രേലിയയിലെ സൺഷൈൻ കോസ്റ്റിൽ നടന്ന 66-ാമത് ഇന്റർനാഷണൽ മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ ഇന്ത്യ മൂന്ന് സ്വർണ്ണവും രണ്ട് വെള്ളിയും ഒരു വെങ്കലവും നേടി. ഡൽഹിയിൽ നിന്നുള്ള കനവ് തൽവാർ, ആരവ് ഗുപ്ത, മഹാരാഷ്ട്രയിൽ നിന്നുള്ള ആദിത്യ മങ്കുടി എന്നിവർ സ്വർണ്ണ മെഡലുകൾ നേടി. കർണാടകയിൽ നിന്നുള്ള ആബേൽ ജോർജ് മാത്യു, ഡൽഹിയിൽ നിന്നുള്ള ആദിഷ് ജെയിൻ എന്നിവർ വെള്ളി മെഡലുകളും ഡൽഹിയിൽ നിന്നുള്ള അർചിത് മാനസ് വെങ്കലവും നേടി. 69 സ്ത്രീകൾ ഉൾപ്പെടെ ആകെ 630 വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.

************************

**WOMENS CRICKET RESULT**

ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ടിന് എട്ടു വിക്കറ്റ്

ജയം. ഇതോടെ പരമ്പരയിൽ ഇരു ടീമുകളും സമനിലയിലാണ്. ഇംഗ്ലണ്ടിലെ ലോഡ്സിൽ ഇന്നലെ, മഴ മൂലം 29 ഓവർ ആയി ചുരുക്കിയ മത്സരത്തിൽ ഇന്ത്യ എട്ട് വിക്കറ്റ് നഷ്ടത്തിൽ 144 റൺസ് എടുത്തു. ശക്തമായ മഴയെത്തുടർന്ന് മത്സരം വീണ്ടും 24 ഓവറാക്കി ചുരുക്കുകയും ഇംഗ്ലണ്ട് വിജയലക്ഷ്യം കാണുകയും ചെയ്തു. മൂന്നാമത്തെയും അവസാനത്തെയും ഏകദിനം മറ്റെന്നാൾ ചെസ്റ്റർ-ലെ-സ്ട്രീറ്റിൽ നടക്കും.

************************

**FOOTBALL - JUNIOR BOYS**

ജൂനിയർ ആൺകുട്ടികൾക്കായുള്ള 2025-26 ലെ ഡോ ബി. സി. റോയ് ട്രോഫി ഫുട്ബോൾ ചാംപ്യൻഷിപ് മത്സരങ്ങൾക്ക് പഞ്ചാബിലെ അമൃത് സറിൽ നാളെ തുടക്കമാകും. തെലങ്കാനയും ഗോവയും തമ്മിലാണ് ആദ്യ മത്സരം. പത്തു ദിവസം നീണ്ടുനിൽക്കുന്ന ടൂർണമെന്റിൽ 16 സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും പങ്കെടുക്കും. ഈ മാസം 30 നാണ് ഫൈനൽ മത്സരങ്ങൾ.

************************

**WRESTLING**

ഹങ്കറിയിലെ ബുഡാപെസ്റ്റിൽ നടക്കുന്ന വനിതാ ഗുസ്തി റാങ്കിങ് സീരീസ് മത്സരങ്ങളിൽ ഇന്ത്യൻ

വനിതകൾ ആധിപത്യം തുടരുന്നു. 76 കിലോ വിഭാഗത്തിൽ ഇന്നലെ പ്രിയ മാലിക് വെള്ളിയും ഏഷ്യൻ ചാമ്പ്യൻ മനീഷ വെങ്കലവും നേടി. ഇതോടെ ഇന്ത്യ മൂന്ന് സ്വർണവും രണ്ടു വെള്ളിയും മൂന്ന് വെങ്കലവും ഉൾപ്പെടെ എട്ടു മെഡലുകൾ നേടി.

************************

**HEADLINE-4**

**RUSSIA-UKRAINE TALKS**

യുക്രെൻ നഗരങ്ങളിൽ റഷ്യ ആക്രമണം ശക്തമാക്കിയ സാഹചര്യത്തിൽ, റഷ്യയുമായി അടുത്തയാഴ്ച പുതിയ റ ണ്ട് സമാധാന ചർച്ചയ്ക്ക് നിർദ്ദേശം മുന്നോട്ടുവച്ച് യുക്രെൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി. വെടിനിർത്തൽ നടപ്പിലാക്കാൻ വേണ്ടതെല്ലാം ചെയ്യണമെന്നും തീരുമാനങ്ങളെടുക്കാതെ ഒളിച്ചോടുന്നത് റഷ്യ അവസാനിപ്പിക്കണമെന്നും സെലെൻസ്കി പറഞ്ഞു. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി നേരിട്ട് കൂടിക്കാഴ്ച നടത്താൻ തയാറാണെന്നും യുക്രെൻ പ്രസിഡന്റ് ആവർത്തിച്ചു.

************************

**BRICS-RUSSIA-TRUMP**

ബ്രിക്സ് രാജ്യങ്ങൾ യുഎസ് ഡോളറിന് ബദൽ കൊണ്ടുവരാൻ പ്രവർത്തിക്കുകയാണെന്ന

അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ വാദം തള്ളി റഷ്യൻ ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി സെർഗെയ് റിയാബ്കോവ്. ബദൽ സാധ്യതയായി ബ്രിക്സ് രാജ്യങ്ങൾ മറ്റ് അംഗരാജ്യങ്ങളുമായും പങ്കാളി രാജ്യങ്ങളുമായും ദേശീയ കറൻസികളിൽ വ്യാപാരം നടത്തുന്ന കാര്യം പരിശോധിക്കുന്നുണ്ടെന്ന് റിയാബ്കോവ് ഒരു അഭിമുഖത്തിൽ പറഞ്ഞു. 10 ശതമാനം താരിഫ് ഏർപ്പെടുത്തുമെന്ന യു എസ് മുന്നറിയിപ്പ് ബ്രിക്സിനെ വളരെയധികം ബാധിച്ചുവെന്ന പ്രസിഡന്റ് ഡോണൾഡ് ട്രംപിൻറെ അവകാശവാദങ്ങളുടെ പശ്ചാത്തലത്തിലാണ് പരാമർശങ്ങൾ.

*************************

**NT VIETNAM - BOAT CAPSIZE**

വിയറ്റ്നാമിൽ, വിനോദസഞ്ചാര കേന്ദ്രമായ ഹാലോങ് ബേയിൽ മോശം കാലാവസ്ഥയെ തുടർന്ന് ടൂറിസ്റ്റ് ബോട്ട് മറിഞ്ഞ് 34 പേർ മരിച്ചു. മരിച്ചതിൽ എട്ട് പേർ കുട്ടികളാണ്. എട്ട് പേരെ കാണാതായിട്ടുണ്ട്.

*

***********

**************************************